“ഭരണഭാഷ - മാതൃഭാഷ”

## എൻ.സി.സി ഡയറക്ടറേറ്റ് (കേരളവും ലക്ഷദ്വീപും)
## സംസ്ഥാന വിഭാഗം

തിരുവനന്തപുരം -695010

നമ്പർ.128/ബി3-എസ്റ്റാ/എൻ.സി.സി/2018 05 സെപ്റ്റംബർ 2019

## സർക്കുലർ

**വിഷയം: എൻ.സി.സി എസ്റ്റാ - സമയബന്ധിതമായി പെൻഷൻ ആനുകൂ** ങ്ങൾ ലഭ്യമാക്കുന്നത് - സംബന്ധിച്ച്.

സൂചന: 1. കേരള സർക്കാർ ഉത്തരവ് നമ്പർ.ജി.ഒ(പി) നമ്പർ.55/2019/ഫിൻ - തീയതി 04.05.2019.

2. ഈ കാര്യാലയത്തിലെ 04.07.2019-ലെ 128/ബി3-എസ്റ്റാ/ എൻ.സി.സി നമ്പർ കത്ത്.

1. സൂചനയിലെ സർക്കാർ ഉത്തരവ് പാലിക്കാതെ സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാരുടെ എൻ.എൽ.സി ഈ ഓഫീസിൽ സമർപ്പിച്ചതായി ശ്രദ്ധ യിൽപ്പെട്ടിരിക്കുന്നു. അതിനാൽ അതാത് ഓഫീസ് മേലധികാരികൾ മുൻകൂറായി (ഒരു ജീവനക്കാരൻ പെൻഷൻനാകുന്നതിന് ഒരു വർഷം മുൻപായി) നടത്തേണ്ട പരിശോധനകൾ ഡയറക്ടറേറ്റ് നടത്തേണ്ടിവരികയും അതുകാരണം വിരമിച്ച ജീവന ക്കാർക്ക് പെൻഷനാനുകൂല്യങ്ങൾ കിട്ടുന്നതിനായി കാലതാമസമുണ്ടാവുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന നിർദ്ദേശം ഈ വകുപ്പിന് കീഴി ലുള്ള എല്ലാ ഓഫീസ് മേലധികാരികളും, ഡി.ഡി.ഒയും കർശനമായി പാലിക്കേണ്ട താണ്.

3. മുകളിൽ പറഞ്ഞ കാരണത്താൽ, ഭാവിയിൽ പെൻഷൻകാരുടെ NLC/Liability Certificate എൻ.സി.സി ഡയറക്ടറേറ്റിൽ അയയ്ക്കുമ്പോൾ കേരള സർക്കാർ ഉദ്യോഗസ്ഥരായ എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്കും ഡി.ഡി.ഒ.യും ഒപ്പു വയ്ക്കേണ്ടതും അത് ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തുകയും വേണം. ആയതിന്റെ മാതൃക ചുവടെ ചേർക്കുന്നു.

## സാക്ഷ്യപത്രം

**ശ്രീ/ശ്രീമതി ........................................യുടെ (PEN No..................പേരും ഔദ്യോഗിക പദവിയും) പേരിൽ 04.05.2019 തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ (പി) നമ്പർ.55/2019/ഫിൻ പ്രകാരമുള്ള വിശദമായ പരിശോധനയിൽ സർക്കാരിലേക്ക് മറ്റ് യാതൊരുവിധ ബാധ്യതകളും ഇല്ലെന്ന് സാക്ഷ്യപ്പെടുത്തുന്നു."**

(എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്കിന്റെ പേര്, ഔദ്യോഗിക പദവി, പെൻ നമ്പർ) : (ഒപ്പ്)

(ഡി.ഡി.ഒയുടെ പേര്, ഔദ്യോഗിക പദവി, പെൻ നമ്പർ) : (ഒപ്പ്)

ഓഫീസ് മേലാധികാരിയുടെ ഒപ്പ് (സാക്ഷ്യപ്പെടുത്തൽ)

4. 2020-ൽ സർവ്വീസിൽ നിന്നും വിരമിക്കുന്നവരുടെ സേവന പുസ്തകം സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം ഓഡിറ്റ് നടത്തുന്നതിനു വേണ്ടി ഈ ഓഫീസിൽ അടിയന്തിരമായി അയച്ചുതരേണ്ടതാണ്. 2020 ജനുവരി മുതൽ 30 ജൂൺ വരെ പെൻഷൻ ആകുന്നവരുടെ സേവന പുസ്തകം 15 ഒക്ടോബർ 2019 നകം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതും 2020 ജൂലൈ മുതൽ 31 ഡിസംബർ വരെ പെൻഷൻ ആകുന്നവരുടെ സേവന പുസ്തകം 15 നവംബർ 2019 നകം ലഭ്യമാക്കേണ്ടതുമാണ്.

5. ടി നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. നിർദ്ദേശം പാലിക്കാതെ വരുന്നത് സർക്കാർ ഉത്തരവിന്റെ ലംഘനമായികണക്കാക്കി, സൂചന (1) ൽ പറഞ്ഞ ചട്ടങ്ങൾ പാലിക്കുന്നതിൽ വീഴ്ച്ച വരുത്തുന്ന പക്ഷം, വകുപ്പുതലവൻ ഗൗരവമായി കാണുന്നതും വീഴ്ച വരുത്തുന്നവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ്/-
(ശ്രീകാന്ത് എൽ ജോഷി)
ബ്രിഗേഡിയർ
ഒഫിഷ്യേറ്റിങ്ങ് അഡീഷണൽ
ഡയറക്ടർ ജനറൽഎൻ.സി.സി

പകർപ്പ് :

ഗ്രൂപ്പ് ഹെഡ്ക്വാർട്ടേഴ്സ്
തിരുവനന്തപുരം, കൊല്ലം, കോട്ടയം,എറണാകുളം, കോഴിക്കോട്

എല്ലാ യൂണിറ്റുകളും എസ്.എസ്.കമ്പനി എൻ.സി.സിയും

ഇന്റേർണൽ : ഓഡിറ്റ്/എ4

അംഗീകരിച്ചതിന്റെ

[stamp:] ....T
PEN: 385581
Junior Superintendent
NCC Directorate (K & L)
Thiruvananthapuram-10

**